വിപ്ലവസ്മരണകൾ
ശക്തിപ്പെടുന്നു



# പിണറായിസം
# പതനത്തിലേക്ക്

പി.വി.അൻവർ EX. MLA



സി.പി.എം ആസ്ഥാനമായ തിരുവനന്തപുരം എ.കെ.ജി സെന്ററിൽ സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ വാർത്താസമ്മേളനം നടക്കുകയാണ്. ചോദ്യങ്ങൾക്കിടെ ഒരു മാധ്യമപ്രവർത്തകൻ ചോദിച്ചു, 'ജി. സുധാകരനെ സ്ഥാനാർത്ഥിയാക്കാൻ പാർട്ടി പരിഗണിക്കുന്നുണ്ടോ?'

'ഒരു പരിഗണനയുമില്ല' എടുത്തടിച്ച പോലുള്ള മറുപടി. തുടർന്ന് പൊട്ടിച്ചിരിക്കുന്നു. സംസ്ഥാന സെക്രട്ടറിയുടെ കണ്ണിൽ ചോരയില്ലാത്ത മറുപടിയും പരിഹാസവുമാണ് 53 വർഷക്കാലത്തെ സി.പി.എം ബന്ധം ഉപേക്ഷിക്കാൻ മുതിർന്ന നേതാവും മുൻ സംസ്ഥാന സമിതി അംഗവുമായ ജി. സുധാകരനെ പ്രേരിപ്പിച്ചത്. പാർട്ടിയിൽ നിന്ന് നേരിടേണ്ടി വന്ന അവഗണനയും അപമാനവും തന്നെ എത്രത്തോളം മുറിപ്പെടുത്തിയെന്ന് അദ്ദേഹം കുറിപ്പിലൂടെ വ്യക്തമാക്കുന്നുണ്ട്.

പി.വി. അൻവർ ഇങ്ങനെ കുറിക്കുന്നു: 'ജില്ലാ സെക്രട്ടറി ആയ കാലയളവിൽ ഒരു പരിപാടിയും എന്നെ അറിയിച്ചിട്ടില്ല. അടിയന്തിരാവസ്ഥയുടെ അവതാരങ്ങൾ വീട്ടിലുള്ളപ്പോൾ കെ.എസ്.എഫിൽ നടത്തിയ പോരാട്ടകാലത്ത് ജയിൽവാസവും മർദ്ദനവും അനുഭവിച്ച എന്നെ അവർ വിളിച്ചില്ല. 43 വർഷത്തെ സംസ്ഥാന സമിതി അംഗത്വത്തിന് ശേഷം ബ്രാഞ്ചിൽ വന്ന് പ്രവർത്തിച്ചപ്പോൾ എങ്ങനെയുണ്ടെന്ന് ഒരു തവണ പോലും ജില്ലാ സെക്രട്ടറി അന്വേഷിച്ചില്ല. സഹിച്ചതുമതി. പാർട്ടിയിൽ മേൽ പറഞ്ഞ വ്യക്തികൾ കാരണം ബുദ്ധിമുട്ടാകാൻ ആഗ്രഹിക്കുന്നില്ല. അതിനാൽ മെമ്പർഷിപ്പ് പുതുക്കുന്നില്ല. ആശയദർശനങ്ങളിൽ ജനപക്ഷത്തോടൊപ്പം ഉറച്ചു നിൽക്കുകയും ചെയ്യും.'

ജി. സുധാകരനെപ്പോലെ പരിണിതപ്രജ്ഞരായ അനേകം നേതാക്കൾ പിണറായിസത്തിന്റെ ഭാഗമായി അന്യവൽക്കരിക്കപ്പെട്ടിട്ടുണ്ട്, അവഗണിക്കപ്പെട്ടിട്ടുണ്ട്

പലരുടെയും വേദനകൾ എനിക്ക് നേരിട്ടറിയാവുന്നതാണ്. ഒന്നര വർഷം മുൻപ് ഞാൻ സൂചിപ്പിച്ച കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പാർട്ടി അണികളിൽ നടക്കുന്ന ഒരു വർഗ്ഗ സമരത്തെക്കുറിച്ചായിരുന്നു.

**സി.പി.എമ്മിൽ ഒരു വർഗ്ഗ സമരം നടക്കുന്നുണ്ട്. അടിച്ചമർത്തലുകൾക്കും അടക്കിപ്പിടിക്കലുകൾക്കും അപ്പുറം സഖാക്കൾ ഓരോരുത്തരായി കാര്യങ്ങൾ തുറന്നു പറയുകയാണ്. ഇതിൽ പരിണിത പ്രജ്ഞരായ ജി. സുധാകരൻ, വി. കുഞ്ഞുകൃഷ്ണൻ, പി. ശശി, വി.കെ മധു ഇവർക്ക് ശേഷം... ആ പട്ടിക നീണ്ടു പോകുന്നു. ഇടതുപക്ഷ പ്രസ്ഥാനത്തിനു നേരെ ഇവർ പറയുന്നതിനേക്കാൾ കൂടുതൽ മനസ്സിലാക്കിയത് അണികളായ സഖാക്കളാണ്. പാർട്ടിയിലെ ഏകാധിപത്യ പ്രവണതയോട് ഏറ്റവും വൈകാരികമായി പ്രതികരിക്കാൻ പോകുന്നത് അവരാണ്.**

അടിച്ചമർത്തലുകൾക്കും അടക്കിപ്പിടിക്കലുകൾക്കും ശേഷം സഖാക്കൾ ഓരോരുത്തരായി തുറന്നു പറയുകയാണ്. കണ്ണൂരിൽ പാർട്ടി ജില്ലാ കമ്മിറ്റി അംഗമായിരുന്ന വി. കുഞ്ഞികൃഷ്ണന്റെ നേതൃത്വത്തെ അണികൾ തിരുത്തണം എന്ന പുസ്തകം പാർട്ടി അണികളിൽ പുതിയൊരു ചിന്ത ഉണർത്തിയിട്ടുണ്ട്. വിലക്കുകൾ ലംഘിച്ച് ആ പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ പങ്കെടുത്ത വൻ ജനാവലി നേതൃത്വത്തെ ജനങ്ങൾ തിരുത്തിക്കും എന്നതിന്റെ വ്യക്തമായ സൂചനയാണ്. ആ പുസ്തകത്തിന്റെ പേര് സത്യസന്ധവും പൗരുഷം നിറഞ്ഞതുമായ ഒരു കമ്മ്യൂണിസ്റ്റ് നേതാവിന്റെ ആഹ്വാനമായിട്ടാണ് സഖാക്കൾ കാണുന്നത്. കുറ്റം ചെയ്തവർക്കെതിരെ നടപടി എടുക്കുന്നതിനു പകരം അത് ചൂണ്ടിക്കാണിച്ചവർക്കെതിരെ നടപടി വന്നതിലാണ് ജനങ്ങൾക്കിടയിൽ കാര്യങ്ങൾ തുറന്നു പറയാൻ കുഞ്ഞികൃഷ്ണൻ പുസ്തകം എഴുതിയത്.

പാലക്കാട് ചേർന്ന പാർട്ടി വിമതന്മാരുടെ യോഗവും ട്രാൻസ്പേരൻസിയുടെ വേദിയായി. ജില്ലയിലെ മുതിർന്ന നേതാവായ പി.കെ. ശശിയാണ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തത്. ഈ

വിഭാഗം ഒലവക്കോട് മണ്ഡലത്തിൽ വിമത സ്ഥാനാർത്ഥിയായി മത്സരിക്കുന്നുമുണ്ട്. സംസ്ഥാനത്ത് മിക്കവാറും മണ്ഡലങ്ങളിലും വിമതസ്വരം ശക്തി പ്രാപിക്കുന്നുണ്ട്.

ഇടതുപക്ഷ പ്രസ്ഥാനത്തിനുണ്ടായ  ഈ അപചയത്തെ നേതൃത്വത്തേക്കാൾ മനസ്സിലാക്കിയത് അണികളായ സഖാക്കളാണ്. പാർട്ടിയിലെ ഏകാധിപത്യ പ്രവണതയോട് ഏറ്റവും വൈകാരികമായി പ്രതികരിക്കാൻ പോകുന്നതും അവരാണ്.

തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് വോട്ടെടുപ്പ് ദിവസത്തിനായി അവർ കാത്തിരിക്കുകയാണ്.

സി.പി.എം ഒരു വിപ്ലവ പാർട്ടിയാണെന്ന് അവർ പോലും അവകാശപ്പെടുമെന്ന് തോന്നുന്നില്ല. ഒരു സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയാണെന്ന് പോലും പറയാനാവില്ല. പത്തു കൊല്ലം സംസ്ഥാനം ഭരിച്ചിട്ടും ജനങ്ങളെ നേരിടാൻ സി.പി.എം നേതാക്കൾക്ക് ഭയമാണ്. ആത്മവിശ്വാസമില്ലായ്മ തന്നെയാണ് പ്രധാന പ്രശ്നം. അത് മറച്ചുപിടിക്കാനാണ് പൊതുജനങ്ങളുടെ പണമെടുത്ത് പത്രങ്ങളിലും ചാനലുകളിലും പരസ്യം നൽകുന്നത്. 'നമ്പർ വൺ കേരളം' എന്ന പൊള്ളയായ പരസ്യത്തിന്റെ പൊരുൾ എന്താണെന്ന് ശബ്ദമില്ലാത്ത പാവം ജനങ്ങൾക്കിടയിൽ പോയി ചോദിച്ചാൽ അറിയാം. വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ പറയുമ്പോൾ ഉപരിപഠനത്തിനായി യൂറോപ്യൻ രാജ്യങ്ങളിലേക്ക് ചേക്കേറിയ ലക്ഷക്കണക്കിന് കുട്ടികളുടെ അനുഭവം മറക്കാൻ കഴിയുമോ?.സി.പി.എമ്മിനെ സഹായിക്കുന്ന സാഹിത്യകാരന്മാർ പോലും ഉപദേശിക്കുന്നത് ഭരണം ഒഴിവാക്കാനാണ്. എന്നിട്ടും സി.പി.എം നേതാക്കൾ സാധാരണ മനുഷ്യരുടെ സാമാന്യ ബുദ്ധിയെ പരിഹസിക്കുകയാണ്.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കണ്ടതുപോലെ പിണറായിയുടെ പടം പ്രദർശിപ്പിച്ചുള്ള വോട്ട് പിടുത്തം ഇത്തവണ ഒരിടത്തുമില്ല. കാരണം ആ പടം കണ്ടാൽ തന്നെ ജനങ്ങൾ മുഖം തിരിക്കുമെന്ന് നേതാക്കൾ മനസ്സിലാക്കിയിരിക്കുന്നു. പരസ്യമായി പറയുന്നില്ലെന്ന് മാത്രം, ജനങ്ങളെ പരമാവധി സേവിച്ചു എന്ന് ആത്മവിശ്വാസമുള്ള സിറ്റിംഗ് എം.എൽ.എമാർ പോലും ഭയത്തിലാണ്.

ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രി ആരെന്ന ചോദ്യത്തിന് ഒരേയൊരു ഉത്തരമേയുള്ളൂ – പിണറായി വിജയൻ. മറ്റൊരാളുടെ പേര് പറയാൻ ആർക്കും ധൈര്യമില്ല. കെ.കെ. ഷൈലജയുടെ പേര് ഉയർന്നു വന്നപ്പോൾ തന്നെ തോൽക്കുമെന്ന് ഉറപ്പുള്ള ഒരു സീറ്റ് നൽകി അവരെ ഒതുക്കി. അതുപോലെ മുഖ്യമന്ത്രിയാകാൻ സാധ്യത കൽപ്പിക്കാവുന്ന ഡോ. തോമസ് ഐസക്കിനും ജി. സുധാകരനും സീറ്റ് നൽകിയതുമില്ല.

മരുമകൻ മുഹമ്മദ് റിയാസിനെ അടുത്ത മുഖ്യമന്ത്രിയാക്കാനുള്ള ആസൂത്രണം പിണറായി മനസ്സിൽ സൂക്ഷിക്കുന്നുണ്ട്. അതുകൊണ്ടാണ് രണ്ടാം നിരയിൽപ്പെട്ട എ.എൻ. ഷംസീർ ഉൾപ്പെടെയുള്ളവർക്ക് സീറ്റ് നൽകാത്തത്.

പക്ഷേ അടുത്ത ഭരണം യു.ഡി.എഫിനാണെന്ന് പിണറായി പോലും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അഞ്ചുവർഷം കഴിയുമ്പോഴേക്ക് മരുമകന്റെ രാഷ്ട്രീയ ഭാവി അദ്ദേഹം നോക്കുന്നുണ്ടല്ലോ. അതുകൊണ്ടാണ് സ്ഥാനാർത്ഥി നിർണ്ണയത്തിൽ നല്ലൊരു വെട്ടിനിരത്തൽ നടത്തിയത്.

ലേഖകൻ എന്ന നിലയിൽ എന്റെ വിഷയങ്ങൾ കേരള സമൂഹം ആഴ്ചകളും മാസങ്ങളുമെടുത്ത് ചർച്ച ചെയ്തിട്ടുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇവിടെ കടക്കുന്നില്ല. പിണറായിസത്തിന് അന്ത്യം കുറിയ്ക്കാൻ മുൻഗാമികൾക്കൊപ്പം ഞാനും എന്റെ പുറകെ പാർട്ടി സഖാക്കളായ നേതാക്കളും അണികളും ഒരു കുത്തൊഴുക്കുപോലെ ഇടതുപക്ഷത്തെ വിട്ടുപോകുന്നത് പിണറായി നിസ്സഹായനായി നോക്കി നിൽക്കേണ്ടിവരും.

**മരുമകൻ മുഹമ്മദ് റിയാസിനെ അടുത്ത മുഖ്യമന്ത്രിയാക്കാനുള്ള ആസൂത്രണം പിണറായി മനസ്സിൽ സൂക്ഷിക്കുന്നുണ്ട്. അതുകൊണ്ടാണ് രണ്ടാം നിരയിൽപ്പെട്ട എ.എൻ. ഷംസീർ ഉൾപ്പെടെയുള്ളവർക്ക് സീറ്റ് നൽകാത്തത്. പക്ഷേ അടുത്ത ഭരണം യു.ഡി.എഫിനാണെന്ന് പിണറായിക്ക് പോലും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അഞ്ചുവർഷം കഴിയുമ്പോഴേക്ക് മരുമകന്റെ രാഷ്ട്രീയ ഭാവി അദ്ദേഹം നോക്കുന്നുണ്ടല്ലോ. അതുകൊണ്ടാണ് സ്ഥാനാർത്ഥി നിർണ്ണയത്തിൽ നല്ലൊരു വെട്ടിനിരത്തൽ നടത്തിയത്.**